| ചോദ്യ നമ്പർ | ആശയങ്ങൾ/ധാരണകൾ | ചോദ്യം | സ്കോർ | സമയം (മിനുട്ട്) |
|---|---|---|---|---|
| 1.28 | ബഹുഭുജത്തിന്റെ കോണുകളുടെ തുക $(n-2)180°$ | ഒരു ബഹുഭുജത്തിന്റെ കോണുകളുടെ തുക 1980°. ഇതിനേക്കാൾ രണ്ടുവശം കൂടുതലായ ബഹുഭുജത്തിന്റെയും രണ്ടുവശം കുറവായ ബഹുഭുജത്തിന്റെയും കോണുകളുടെ തുക എത്രവീതം ആയിരിക്കും? | 3 | 5 |
| 1.29 | വശങ്ങൾ തുല്യവും കോണുകൾ തുല്യമല്ലാത്തതുമായ പഞ്ചഭുജത്തിന്റെ നിർമിതി. | *AC, ED* ഇവ സമാന്തരമാണ്. ചിത്രത്തിൽ കാണുന്ന അളവുകൾ ഉള്ള പഞ്ചഭുജം നിർമ്മിക്കുക. ഇതിന്റെ കോണുകളെല്ലാം തുല്യമാണോ?   | 5 | 10 |
| 1.30 | സമബഹുഭുജത്തിന്റെ നിർമിതി | 8 വശങ്ങൾ ഉള്ളതും ഒരുവശം 3 സെ.മീ ആയതുമായ ഒരു സമബഹുഭുജം നിർമിക്കുക. ഇതിന്റെ ഓരോ കോണും എത്ര ഡിഗ്രി വീതമായിരിക്കും? | 5 | 10 |

# അധ്യായം 2

# ഭിന്നകസംഖ്യകൾ

**Qns : 2.1 - 2.25**

| ചോദ്യ നമ്പർ | ആശയങ്ങൾ/ധാരണകൾ | ചോദ്യം | സ്കോർ | സമയം (മിനുട്ട്) |
|---|---|---|---|---|
| 2.1 | പൂർണസംഖ്യകൾ | അമ്മു തന്റെ ബുക്കിൽ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്<br>"$4+2=6$ $4\times 8=32$<br>$3+4=7$ $6\times 2=12$<br>$5+5=10$ $8\times 3=24$<br>................ ................<br>................ ................<br>................ ................<br>രണ്ട് എണ്ണൽസംഖ്യകളുടെ തുകയും ഗുണനഫലവും എണ്ണൽ സംഖ്യ തന്നെ."<br>(a) അമ്മുവിന്റെ നിരീക്ഷണത്തെക്കുറിച്ചുള്ള അഭിപ്രായം എഴുതുക?<br>(b) 'ഏത് രണ്ട് എണ്ണൽസംഖ്യകളുടെയും വ്യത്യാസം വീണ്ടും എണ്ണൽസംഖ്യ തന്നെ.' ഇത് ശരിയാണോ? പരിശോധിക്കുക. | 3 | 4 |
| 2.2 | പൂർണ്ണസംഖ്യകൾ | ഏത് രണ്ട് പൂർണസംഖ്യകൾക്കിടയിലും വീണ്ടും ഒരു പൂർണസംഖ്യയുണ്ട്. ഈ പ്രസ്താവനയോട് യോജിക്കുന്നുവോ? കാരണം എന്ത്? | 2 | 3 |
| 2.3 | ഭിന്നകങ്ങളുടെ തുല്യത | $\frac{x}{y}=\frac{a}{b}$ ആയാൽ $\frac{x-y}{x+y}=\frac{a-b}{a+b}$ എന്ന് തെളിയിക്കുക. | 3 | 5 |

| ചോദ്യ നമ്പർ | ആശയങ്ങൾ/ധാരണകൾ | ചോദ്യം | സ്കോർ | സമയം (മിനുട്ട്) |
|---|---|---|---|---|
| 2.4 | ഭിന്നകങ്ങളുടെ താരതമ്യം | ചുവടെ കൊടുത്തിരിക്കുന്ന ഓരോ ജോടി ഭിന്നകസംഖ്യകളിലും വലുത് ഏത്? കാരണം എഴുതുക.<br>(a) $\frac{7}{20}, \frac{7}{19}$ (b) $\frac{13}{17}, \frac{12}{17}$ (c) $\frac{12}{17}, \frac{13}{19}$ | 3 | 5 |
| 2.5 | ഭിന്നകങ്ങളുടെ താരതമ്യം | (a) 0 നും 1 നും ഇടയിൽ എത്ര ഭിന്നകസംഖ്യകൾ എഴുതാൻ കഴിയും? വിശദമാക്കുക.<br>(b) $\frac{1}{5}$ നും $\frac{1}{4}$ നും ഇടയിലുള്ള 6 ഭിന്നകസംഖ്യകൾ എഴുതുക.<br>(b) 1 നും 2 നും ഇടയിലുള്ള 5 ഭിന്നകസംഖ്യകൾ എഴുതുക. | 4 | 7 |
| 2.6 | പത്തിന്റെ കൃതികളോ, അവയുടെ ഘടകങ്ങളോ ഛേദമല്ലാത്ത ഭിന്നകങ്ങൾക്ക്, അത്തരം ഭിന്നകങ്ങൾ ഉപയോഗിച്ച് തുടർച്ചയായി മെച്ചപ്പെടുന്ന ഏകദേശവിലകൾ ഉണ്ട്. | ശാന്തി തന്റെ ബുക്കിൽ $\frac{1}{7}, \frac{2}{7}, \frac{3}{7}$ എന്നീ ഭിന്നകസംഖ്യകൾ ഇപ്രകാരം എഴുതിയിരിക്കുന്നു.<br>$\frac{1}{7} = 0.142857142857...$<br>$\frac{2}{7} = 0.285714285714...$<br>$\frac{3}{7} = 0.428571428571...$<br>a) തന്നിരിക്കുന്ന ഭിന്നകസംഖ്യകളുടെ ദശാംശരൂപം പരിശോധിച്ച് $\frac{4}{7}, \frac{5}{7}$ എന്നീ സംഖ്യകളെ ദശാംശരൂപത്തിൽ എഴുതുക.<br>(b) $\frac{6}{7}$ നോട് അടുത്തടുത്ത് വരുന്നതും പത്തിന്റെ കൃതികൾ ഛേദമായതുമായ 3 ഭിന്നകസംഖ്യകൾ കണ്ടുപിടിക്കുക. | 3 | 6 |

| ചോദ്യ നമ്പർ | ആശയങ്ങൾ/ധാരണകൾ | ചോദ്യം | സ്കോർ | സമയം (മിനുട്ട്) |
|---|---|---|---|---|
| 2.7 | ഒരു ഭിന്നകസംഖ്യയ്ക്ക് തന്നെ പല പല രൂപങ്ങൾ ഉണ്ട് എന്ന ആശയം | a) $\frac{3}{5}, \frac{2}{7}$ ഇവ ഓരോന്നിനും രണ്ട് വ്യത്യസ്ത രൂപങ്ങളെഴുതുക.<br>(b) $\frac{6}{12}, \frac{70}{105}$ എന്നീ ഭിന്നകസംഖ്യകളുടെ ലഘുരൂപം എഴുതുക. | 4 | 5 |
| 2.8 | ഭിന്നകങ്ങളുടെ ലഘുരൂപം | a) ചുവടെ തന്നിരിക്കുന്നവ ലഘൂകരിക്കുക.<br>(i) $\frac{x}{x-9} - \frac{9}{x-9}$ (ii) $1 - \frac{1}{a-1}$<br>(b) $\frac{x}{y} = \frac{4}{3}$ ആയാൽ $\frac{6x+4y}{7x-4y}$ എത്രയാണ്? | 5 | 7 |
| 2.9 | ഭിന്നകങ്ങളുടെ തുല്യത | a) $\frac{36}{102}, \frac{54}{153}$ ഇവ ഒരേ ഭിന്നകസംഖ്യയുടെ വ്യത്യസ്ത രൂപങ്ങൾ ആണോ? കാരണം വിശദമാക്കുക.<br>(b) $\frac{27}{54}, \frac{108}{219}$ ഇവയിൽ ഏതാണ് വലുത്? എന്തുകൊണ്ട്? | 4 | 6 |
| 2.10 | ഭിന്നകങ്ങൾ ഉൾപ്പെടുന്ന ക്രിയകൾ | $\frac{4}{13}, \frac{9}{13}$ ഇവയുടെ തുക എത്ര? ഇവയുടെ വ്യുൽക്രമങ്ങളുടെ തുകയും ഗുണനഫലവും താരതമ്യം ചെയ്യുക. | 4 | 6 |
| 2.11 | ഭിന്നകസംഖ്യയുടെ ദശാംശരൂപം | $\frac{1}{9} = 0.111...$ ആകുന്നു.<br>a) 0.333..., 0.555... ഇവ ഓരോന്നിന്റെയും ഭിന്നകരൂപം എഴുതുക.<br>b) (0.333...) × (0.555...) എന്ന ഗുണനഫലത്തിന്റെ ഭിന്നകരൂപം എഴുതുക. | 3 | 4 |

| ചോദ്യ നമ്പർ | ആശയങ്ങൾ/ധാരണകൾ | ചോദ്യം | സ്കോർ | സമയം (മിനുട്ട്) |
|---|---|---|---|---|
| 2.12 | ഭിന്നകസംഖ്യകൾ | പൂർണസംഖ്യകളുമായി ബന്ധപ്പെട്ട് ഫാത്തിമ എഴുതിയ കുറിപ്പ് ശ്രദ്ധിക്കൂ. "രണ്ട് പൂർണസംഖ്യകളുടെ തുക, ഗുണനഫലം, വ്യത്യാസം ഇവ പൂർണസംഖ്യകൾ തന്നെയാണ്. പക്ഷെ ഹരണക്രിയയിൽ ഇത് ശരിയാകണമെന്നില്ല". ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുവോ? ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കുക. | 3 | 5 |
| 2.13 | ഭിന്നകങ്ങളുടെ ലഘൂകരണം | $x = a - \frac{1}{a}, y = a + \frac{1}{a}$ എങ്കിൽ $\frac{x}{y}$ യുടെ ലഘുരൂപം എന്ത്? | 4 | 6 |
| 2.14 | ഭിന്നകങ്ങളുടെ ലഘൂകരണം | $\left(1-\frac{1}{10}\right), \left(1-\frac{1}{9}\right), \left(1-\frac{1}{8}\right)$ എന്നിങ്ങനെ $\left(1-\frac{1}{2}\right)$ വരെയുള്ള ഭിന്നകസംഖ്യകളുടെ ഗുണനഫലം എന്ത്? | 3 | 6 |
| 2.15 | ഭിന്നകങ്ങൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ | സ്കൂൾ ശുചീകരണത്തിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികൾക്ക് കൊടുക്കുവാൻ വേണ്ട, ഉച്ചഭക്ഷണ പായ്ക്കറ്റുകൾ രാജീവും കൂട്ടുകാരും എണ്ണി തിട്ടപ്പെടുത്തുകയായിരുന്നു. 10 മിനിട്ട് കൊണ്ട് ആകെയുള്ള പായ്ക്കറ്റിന്റെ $\frac{2}{3}$ ഭാഗം എണ്ണിത്തീർന്നു. പിന്നീട് കുറച്ച് സമയംകൊണ്ട് മിച്ചം വന്നതിന്റെ പകുതിയും എണ്ണിത്തീർന്നു. എങ്കിൽ<br>a) എണ്ണിത്തീർത്തത് എത്രഭാഗം?<br>b) ഇനി എത്രഭാഗം എണ്ണിത്തീർക്കാനുണ്ട്? | 3 | 6 |
| 2.16 | ഭിന്നകങ്ങൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ | 36 ലിറ്റർ റബ്ബർപാൽ, ഷീറ്റ് ആക്കുന്നതിനുവേണ്ടി $2\frac{1}{2}$ ലിറ്റർ വീതം കൊള്ളുന്ന എത്ര പാത്രങ്ങളിൽ നിറയ്ക്കാം?<br>മിച്ചമുള്ള റബർപാൽ എത്രലിറ്റർ? | 3 | 5 |

| ചോദ്യ നമ്പർ | ആശയങ്ങൾ/ധാരണകൾ | ചോദ്യം | സ്കോർ | സമയം (മിനുട്ട്) |
|---|---|---|---|---|
| 2.17 | ഭിന്നകങ്ങളുടെ ലഘൂകരണം | $\left(1-\frac{1}{4}\right), \left(1-\frac{1}{9}\right), \left(1-\frac{1}{16}\right)$ എന്നിങ്ങനെ $\left(1-\frac{1}{100}\right)$ വരെയുള്ള ഭിന്നകസംഖ്യകളുടെ ഗുണനഫലം എന്ത്? | 3 | 5 |
| 2.18 | ഭിന്നകങ്ങളുടെ ദശാംശരൂപം | $\frac{17}{40}$ ന്റെ ദശാംശരൂപം കണ്ടെത്താൻ ആലീസ് സ്വീകരിച്ച രീതിയാണ് ചുവടെ കൊടുത്തിരിക്കുന്നത്.<br>$\frac{17}{40} = \frac{1}{10} \times \frac{170}{40}$<br>$\frac{17}{40} = \frac{1}{10} \times \frac{17}{4}$<br>$\frac{17}{40} = \frac{1}{10} \times \left(4+\frac{1}{4}\right)$<br>$\frac{17}{40} = \frac{4}{10} + \frac{1}{40}$<br>$\frac{17}{40} = \frac{4}{10} + \frac{1}{100} \times \frac{100}{40}$<br>......................................<br>......................................<br>......................................<br>ബാക്കി വരികൾ പൂർത്തീകരിച്ച് $\frac{17}{40}$ ന്റെ ദശാംശരൂപം എഴുതുക. | 3 | 7 |

| ചോദ്യ നമ്പർ | ആശയങ്ങൾ/ധാരണകൾ | ചോദ്യം | സ്കോർ | സമയം (മിനുട്ട്) |
|---|---|---|---|---|
| 2.19 | ഭിന്നകങ്ങളുടെ ലഘൂകരണം | ലഘൂകരിക്കുക.<br>(i) $\frac{2}{3} \div \frac{10}{27}$<br>(ii) $\frac{x+3}{x-2} \div \frac{x^2-9}{2x-4}$ | 4 | 6 |
| 2.20 | ഭിന്നകങ്ങളുടെ തുല്യത | $\frac{x}{4} = \frac{y}{7}$ ആയാൽ<br>(i) $\frac{x}{y}$ എത്ര?<br>(ii) $\frac{14x+12y}{21x-8y}$ കാണുക.<br>(iii) $\frac{23x+5y}{5x-2y}$ കാണുക. | 6 | 8 |
| 2.21 | ഭിന്നകങ്ങളുടെ താരതമ്യം | $\frac{1}{2}$ നും $\frac{2}{3}$ നും ഇടയിലുള്ള ഒരു ഭിന്നകമാണോ $\frac{7}{12}$ എന്നു പരിശോധിക്കുക. | 2 | 3 |

<table>
<tr><th>ചോദ്യ നമ്പർ</th><th>ആശയങ്ങൾ/ധാരണകൾ</th><th>ചോദ്യം</th><th>സ്കോർ</th><th>സമയം (മിനുട്ട്)</th></tr>
<tr><td>2.22</td><td>ഭിന്നകസംഖ്യയുടെ ദശാംശരൂപം</td><td>മനു ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നതിനായി തയ്യാറാക്കിയ ഒരു ചാർട്ട് ശ്രദ്ധിക്കൂ
<table>
<tr><th></th><th>ഭിന്നകരൂപം</th><th>സംഖ്യയ്ക്ക് 1 ൽ നിന്നുള്ള വ്യത്യാസം</th></tr>
<tr><td>1.</td><td>$0.9 = \frac{9}{10} = \frac{10-1}{10} = 1 - \frac{1}{10}$</td><td>$1 - 0.9 = \frac{1}{10}$</td></tr>
<tr><td>2.</td><td>$0.99 = \frac{99}{100} = 1 - \frac{1}{100}$</td><td>$1 - 0.99 = \frac{1}{100}$</td></tr>
<tr><td>3.</td><td>$0.999 = \frac{999}{1000} = 1 - \frac{1}{1000}$</td><td>$1 - 0.99 = \frac{1}{1000}$</td></tr>
<tr><td>4.</td><td></td><td></td></tr>
</table>
(a) ചാർട്ടിലെ നാലാമത്തെ വരി എഴുതുക.<br>
(b) 0.9, 0.99, 0.999, 0.9999, ... എന്നിങ്ങനെ തുടർന്നാൽ ഏത് എണ്ണൽ സംഖ്യയോട് അടുക്കുന്നു?</td><td>4</td><td>8</td></tr>
<tr><td>2.23</td><td>ഭിന്നകസംഖ്യകൾ ഉൾപ്പെടുന്ന പ്രശ്നങ്ങൾ</td><td>ഒരു സംഖ്യയെ $\frac{1}{4}$ കൊണ്ട് ഹരിച്ചപ്പോൾ കിട്ടിയത് അതേ സംഖ്യയെ $\frac{1}{4}$ കൊണ്ട് ഗുണിച്ചപ്പോൾ കിട്ടിയതിനേക്കാൾ 45 കൂടുതലാണ്. സംഖ്യ ഏതാണ്?</td><td>4</td><td>8</td></tr>
<tr><td>2.24</td><td>ഭിന്നകങ്ങളുടെ തുല്യത</td><td>$\frac{x+1}{x-1} = \frac{3}{2}$ ആയാൽ $x$ ന്റെ വില കാണുക.</td><td>3</td><td>5</td></tr>
</table>

<table>
<tr><th>ചോദ്യ നമ്പർ</th><th>ആശയങ്ങൾ/ധാരണകൾ</th><th>ചോദ്യം</th><th>സ്കോർ</th><th>സമയം (മിനുട്ട്)</th></tr>
<tr><td>2.25</td><td>ഭിന്നകസംഖ്യയുടെ ദശാംശരൂപം</td><td>
<table>
<tr><th>ക്രമ നമ്പർ</th><th>ഭിന്നകരൂപം</th><th>സംഖ്യയ്ക്ക് $\frac{1}{5}$ ൽ നിന്നുള്ള വ്യത്യാസം</th></tr>
<tr><td>1.</td><td>$0.1 = \frac{1}{10} = \frac{2-1}{10} = \frac{1}{5} - \frac{1}{10}$</td><td>$\frac{1}{5} - 0.1 = \frac{1}{10}$</td></tr>
<tr><td>2.</td><td>$0.19 = \frac{19}{100} = \frac{20-1}{100} = \frac{1}{5} - \frac{1}{100}$</td><td>$\frac{1}{5} - 0.19 = \frac{1}{100}$</td></tr>
<tr><td>3.</td><td>$0.199 = \frac{199}{1000} = \frac{200-1}{1000} = \frac{1}{5} - \frac{1}{1000}$</td><td>$\frac{1}{5} - 0.199 = \frac{1}{1000}$</td></tr>
<tr><td>4.</td><td></td><td></td></tr>
</table>
മുകളിൽ കൊടുത്തിരിക്കുന്ന ചാർട്ട് പരിശോധിച്ചശേഷം ചാർട്ടിലെ 4-ാമത്തെ വരി എഴുതുക.<br>
0.1, 0.19, 0.199, 0.1999,... എന്നിങ്ങനെ തുടർന്നാൽ ഏത് ഭിന്നകത്തിലേക്കാണ് അടുക്കുന്നത്?<br>
$\frac{1}{5}$ ന്റെ രണ്ട് ദശാംശരൂപങ്ങൾ എഴുതുക.</td><td>5</td><td>10</td></tr>
</table>